മെച്ചപ്പെടുത്താനും ക്രമീകരിക്കാനും ഉദ്ദേശിച്ചാണ് പ്രസ്തുത ഉത്തരവ് ഇറക്കിയത്. കഴിഞ്ഞവർഷം വരെ പദ്ധതി വിഹിതം ത്രൈമാസ ഗഡുക്കളായിട്ടാണ് നൽകി വന്നിരുന്നത്. 2003-04 വർഷംമുതൽ പദ്ധതിവിഹിതം മാസഗഡുക്കളായി നൽകുവാനും ഇപ്രകാരം നൽകുന്ന വിഹിതത്തെ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) ഇല്ല. ഈ ഉത്തരവിന്റെ പശ്ചാത്തലത്തിൽ പദ്ധതിപ്രവർത്തനം തടസ്സപ്പെടുകയില്ല. ഡി.പി.സി. അംഗീകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് സ്പിൽ ഓവർ ഇനത്തിൽ പുതിയ പി.ഡി. അക്കൗണ്ടിൽ നിന്നും തുക നൽകാവുന്നതാണ്.

സ്വകാര്യമേഖലയിൽ സംവരണം ഏർപ്പെടുത്താൻ നടപടി

17 (*766) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സ്വകാര്യമേഖലയിൽ സംവരണം ഏർപ്പെടുത്തണമെന്ന് ഉയർന്നുവന്നിട്ടുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെക്കുറിച്ചുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഈ സർക്കാർ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

1 (4436) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി ഏതെല്ലാം പദ്ധതികൾക്കായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly